നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ അതിൽ അംഗമാണെന്ന് മാത്രമല്ല ഇന്നലെ കൂടിയ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷംവഹിച്ചത് ഞാനാണ്.

റൂളിംഗ്

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിയിൽ അംഗമായാൽ മതി.

VI. ധനകാര്യം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. ക്രമപ്രശ്നം

ഡിലേ സ്റ്റേറ്റ്മെന്റ്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, Rule 47-ൽ പറയുന്നത്, 47(2) If an answer to a question is in interim reply, the final reply to that question shall be given at the earliest, but not later than 15 days from the date on which the question is placed in the list:

Provided that if such answers could not be given within the time limit specified under sub-rule (2), the Minister concerned shall lay on the Table a statement explaining the reasons thereof in the current session or in the next session of the Assembly whichever is earlier. ഇത് ബുള്ളറ്റിൻ ആണ് (ശ്രീ. ആര്യാടൻ മുഹമ്മദ് ബുള്ളറ്റിൻ സഭയിൽ ഉയർത്തിക്കാട്ടി) ബുള്ളറ്റിൻ ഭാഗം 2, നവംബർ 8, 2010., 29-6-2010 മുതൽ അന്ന് ചേർന്ന നിയമസഭയിലെ 23-7-2010 വരെ 253 ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടില്ല. ഈ റൂൾ അനുസരിച്ച് 15 ദിവസം കൊണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം തരണം. അങ്ങനെ 15 ദിവസം കൊണ്ട് ഉത്തരം തന്നില്ലെങ്കിൽ അത് എന്തുകൊണ്ട് ആൻസർ ചെയ്യാൻ സാധിച്ചില്ല എന്ന കാരണത്തെക്കുറിച്ച് ഓരോ മന്ത്രിമാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് lay ചെയ്യണം. അത് ചെയ്യേണ്ടത് ആ സഭയിൽ തന്നെ അല്ലെങ്കിൽ അടുത്ത സഭയിൽ whichever is earlier എന്നാണ് റൂളിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ കഴിഞ്ഞ സഭയിൽ നൽകേണ്ടതാണ്. ഇന്നുവരെ ഒരൊറ്റ മന്ത്രിമാരും ആ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചിട്ടില്ല. ഇത് ഗുരുതരമായ പാളിച്ചയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു റൂൾ ആണ്, സഭയെ സംബന്ധിച്ച് അത് പ്രധാനപ്പെട്ടത് തന്നെയാണ്. ഒരൊറ്റ മന്ത്രിയും ആൻസർ ചെയ്തില്ലായെന്ന് പറയുന്നത് ശരിയല്ല. മറുപടി കൊടുക്കാനുള്ള മന്ത്രിമാർ പറഞ്ഞാൽ മതിയല്ലോ, പി.ഡബ്ല്യു.ഡി. വകുപ്പിന്റെ ഭാഗത്ത് ഒന്നും ബാക്കിയില്ലായെന്ന് മാത്രമല്ല ചരിത്രത്തിൽ ആദ്യമായിട്ടാണ് പി.ഡബ്ല്യു.ഡി. വകുപ്പിന്റെ ക്വസ്റ്റ്യൻ ദിവസത്തിന്റെ തലേദിവസം മുഴുവൻ ചോദ്യങ്ങളും അതായത് ഇന്നലെ 99 ചോദ്യമുണ്ടായിരുന്നു 99 ചോദ്യവും ഒപ്പിട്ടുകൊടുത്തു. എന്നാലും ഞങ്ങളുടെ ഭാഗത്ത് കുറവുണ്ട്, ഇല്ലെന്ന് പറയുന്നില്ല, കുറവുണ്ട്, അതിനെ നിസ്സാരമായി കാണുന്നില്ല, ഇത് കർശനമായി നടപ്പാക്കേണ്ട കാര്യം തന്നെയാണ്. ഇനിയുള്ള കാര്യങ്ങളിൽ മന്ത്രിമാരെന്നനിലയിൽ ഞങ്ങൾ ജാഗ്രതയോടുകൂടി പ്രവർത്തിക്കും. ഈ വിഷയത്തിന്മേൽ ചെയർ എന്ന നിലയിൽ അങ്ങ് എടുക്കുന്ന ഏത് തീരുമാനത്തോടും യോജിപ്പാണ്. ഇത് നടപ്പാക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

VIII. റൂളിംഗ്

ഡിലേ സ്റ്റേറ്റ്മെന്റ്

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഏറ്റവും പ്രസക്തമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനം മുതലാണ് നമ്മൾ ഈ സിസ്റ്റം ഇവിടെ കൊണ്ടുവന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഒരു നിയമസഭാ ചോദ്യത്തിനും 15 ദിവസം കഴിഞ്ഞ് സ്റ്റേറ്റ്മെന്റും വച്ചിട്ടില്ല. അപ്പോൾ സ്റ്റേറ്റ്മെന്റ് വയ്ക്കാനുള്ള റൂളിംഗ് അങ്ങ് കൊടുക്കണം. ഇത് നമ്മൾ ഉണ്ടാക്കിയ ഒരു നിയമമാണ്, നിയമം ലംഘിക്കാനുള്ളതല്ല.

മി. സ്പീക്കർ : അതാണ് ചെയർ പറഞ്ഞു വരുന്നത്. നിയമസഭാ ചട്ടം 47 പ്രകാരം നിയസഭാ ചോദ്യങ്ങൾക്ക് പൂർണ്ണമായും മറുപടി 15 ദിവസത്തിനകത്ത് നൽകാൻ കഴിയുന്നില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലായെന്നുള്ള നിരന്തരമായ പരാതിയെത്തുടർന്നാണ് നിയമസഭാ ചട്ട പരിഷ്ക്കരണ സമിതിയുടെ ശുപാർശപ്രകാരം പുതിയതായി ഈ വ്യവസ്ഥ ചേർത്തത്. ഈ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പുകളും നിയമസഭാ സെക്രട്ടേറിയറ്റും ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ 15-ാം സമ്മേളനത്തിലെ ഒറ്റ ക്വസ്റ്റ്യൻ പോലും ബാക്കിയില്ലാത്ത വകുപ്പാണ് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്. അതുപോലെ തന്നെ ഓരോ ക്വസ്റ്റ്യൻ മാത്രം ബാക്കി വച്ചിരിക്കുന്ന വകുപ്പുകളാണ് ഫിഷറീസ് വകുപ്പും

LIBRARY ARCHIVES Kerala Legislative Assembly